## പതിനാലാം കേരള നിയമസഭ

## 5-ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നമ്പർ : 192** **04.05.2017 -ൽ മറുപടിയ്ക്ക്**

## വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷാ ആഡിറ്റ്

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ് പി

**ഉത്തരം**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വിനോദ് സഞ്ചാര കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന ബോട്ടുകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനായി പരിശോധനകൾ നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) പരിശോധനകൾ നടത്താറുണ്ട്. കേരള ഇൻലാൻഡ് വെസ്സൽ നിയമപ്രകാരം ജലയാനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി ചീഫ് സർവെയർ/ സർവെയർ ബോട്ടുകളുടെ ഹൾ , സ്റ്റബിലിറ്റി , ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് , പൊല്യൂഷൻ സർട്ടിഫിക്കറ്റ് ജീവനക്കാരുടെ സ്രാങ്ക് ലൈസൻസ് , ലാസ്കർ ലൈസൻസ് എന്നിവ പരിശോധിക്കുകയും സുരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ് , ലൈഫ് ബോയ് , ഫയർ എക്സ്റ്റിങ്ക്യൂഷർ എന്നിവ ശരിയാംവിധം പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്തതിനു ശേഷം മാത്രമേ രജിസ്ട്രേഷൻ അനുവദിക്കുകയുള്ളൂ. ഇങ്ങനെ രജിസ്റ്റർ ചെയ്ത ജലയാനങ്ങൾ സർവേ ചെയ്ത് മേൽപറഞ്ഞവ എല്ലാം ശരിയായ വിധം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തിയതിനുശേഷമേ സർവ്വേ സർട്ടിഫിക്കറ്റ് നൽകാറുള്ളൂ. ഹൗസ് ബോട്ടുകളിലെ വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം ലക്ഷ്യമിട്ടുകൊണ്ട് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം (GPS) സംവിധാനം നടപ്പിലാക്കുന്നതിനായി Rs.1,60,00,000/- ( ഒരു കോടി അറുപതു ലക്ഷം രൂപ) യുടെ ഒരു പദ്ധതിക്ക് സർക്കാരിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴയിലെ ഹൗസ് ബോട്ടുകളിൽ കെൽട്രോൺ മുഖേന ഈ സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

(ബി) വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷാ ആഡിറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) തുറമുഖ വകുപ്പുമായി ചേർന്ന് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ